# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 108 — 06.01.2014 - ലെ മറുപടിക്ക്

**ഗ്രൂപ്പ് സി, ഡി, തസ്തികകളിലേക്കുള്ള പരീക്ഷകളിൽ അതാത് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നത്**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) പി.എസ്.സി നടത്തുന്ന ഗ്രൂപ്പ് സി, ഡി, തസ്തികകളിലേക്കുള്ള പരീക്ഷകളിൽ അതാത് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് നൽകി വന്നിരുന്ന വെയിറ്റേജ് മാർക്ക് ഇപ്പോൾ നൽകുന്നുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത വെയിറ്റേജ് മാർക്ക് ഒഴിവാക്കിയത് ഏതെങ്കിലും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണോ; എങ്കിൽ ഒഴിവാക്കുന്നതിന് കാരണമായ വിധിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണിക്കുമോ ? | (എ) യും (ബി) യും (സി)യും (ഡി) യും<br><br>ജില്ലാതല നിയമനങ്ങളിൽ അതാത് ജില്ലകളിലുള്ള ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്ന KS&SSR ലെ ചട്ടം 5 A, WP(c) 28055/10 ലും അനുബന്ധ ഹർജികളിന്മേലുമുള്ള 18.01.2012 - ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ അഡ്വ. ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ